"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/2314/2024-A2 തീയതി: 18-10-2024

**<u>ചുറ്ററിയിപ്പ്</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഓൺലൈൻ ജനറൽ ട്രാൻസ്ഫർ 2024 – സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിലെ കരട് പട്ടികയിലെ അപാകത പരിഹരിച്ച് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 08.10.2024 തീയതയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്

2. രാജാക്കാട് ഗവ.ഐടിഐ പ്രിൻസിപ്പാളിന്റെ 10.10.2024 ലെ ITI/RJKD/167/2024-R1 നമ്പർ കത്ത്

**********

വകുപ്പിൽ, 2024 വർഷത്തെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട കരട് പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിൽ സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയുമായി ബന്ധപ്പെട്ട ലിസ്റ്റിൽ അനുവദനീയ തസ്തികയെക്കാൾ അധികം ഇൻസ്ട്രക്ടർമാരെ കരട് പട്ടികയിൽ രാജാക്കാട് ഐടിഐയിലേക്ക് ഉൾപ്പെടുത്തിയിട്ടുള്ളതായി സൂചന (2) പ്രകാരം അറിയിച്ചിരുന്നു. ടി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് SPARK-ലേക്ക് ആവശ്യപ്പെട്ടത് പ്രകാരം ആയത് പരിഹരിച്ച് ലഭ്യമായ സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിലെ കരട് പട്ടിക ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

ടി കരട് പട്ടികയിൽ അപ്പീലുകൾ ഉള്ള പക്ഷം ആയവ ചുവടെപ്പറയുന്ന സമയക്രമവും, സൂചന (1) ലെ നിർദ്ദേശങ്ങളും, വ്യവസ്ഥകളും കർശനമായി പാലിച്ച് സ്ഥാപന മേധാവികൾ **itdonlinetransfer@gmail.com**-ൽ മാത്രം അയച്ചുതരേണ്ടതാണ്. സൂചന (1) പ്രകാരം അപ്പീലുകൾ അയച്ച സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിലെ ജീവനക്കാർ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള <u>പട്ടികയിൽ ആക്ഷേപം ഇല്ലാത്ത പക്ഷം പുതിയ അപ്പീൽ അപേക്ഷകൾ സമർപ്പിക്കേണ്ടതില്ല</u>.

| | |
|---|---|
| ജീവനക്കാർ സ്ഥാപനമേധാവി മുമ്പാകെ അപ്പീലുകൾ സമർപ്പിക്കേണ്ടുന്ന തീയതി | **21.10.2024 ഉച്ചയ്ക്ക് 2 മണി വരെ മാത്രം** |
| സ്ഥാപന മേധാവികൾ അപ്പീലുകൾ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ മെയിൽ മുഖേന സമർപ്പിക്കേണ്ട തീയതി | 21.10.2024 ഉച്ചയ്ക്ക് 2 മണി മുതൽ **4 മണി** വരെ മാത്രം |

Sd/-

**അഡീഷണൽ ഡയറക്ടർ**

ഉള്ളടക്കം : സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിലെ അപാകത പരിഹരിച്ച കരട് പട്ടിക